ഉത്തരം

(എ) ഈ നാഷണൽ ഹൈവേയുടെ പ്രവർത്തനം പൂർത്തിയാകാതിരിക്കുന്നത്, കേന്ദ്രത്തിൽനിന്നും പുതിയ പണികൾ അംഗീകരിച്ചു കിട്ടുവാൻ വരുന്ന താമസം, കേന്ദ്രത്തിൽനിന്നും കിട്ടുന്ന തുകയുടെ അപര്യാപ്തത, കരാറുകാർ പണികൾ ഇടയ്ക്കു മുടക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നീ കാരണങ്ങളാലാണ്.

(ബി) കേന്ദ്രഗവൺമെൻറാണ് പണി ഏറ്റെടുത്ത് നടത്തുന്നതിനുള്ള അനുവാദവും പണവും നൽകുന്നത്. മുൻഗണനാ ക്രമത്തിൽ നാമമാത്രമായ പണികൾ മാത്രമേ അനുവദിക്കാറുള്ളൂ. ഈ സാഹചര്യത്തിൽ ഹൈവേയുടെ പണി എന്നത്തേയ്ക്കു പൂർത്തീകരിക്കാൻ കഴിയുമെന്ന് ഖണ്ഡിതമായി പറയുക പ്രയാസമാണ്.

കൊല്ലം ബി. ആൻറ് ആർ. ഡിവിഷൻ

899 [1417] ശ്രീ. കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയുടെ വിസ്തൃതി കണക്കിലെടുത്ത് കൊല്ലം ബി. ആൻറ് ആർ. ഡിവിഷൻ രണ്ടായി വിഭജിച്ച് പത്തനംതിട്ടയിൽ ഒരു ബി. ആൻറ് ആർ. ഡിവിഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കൊല്ലം ബി. ആൻറ് ആർ. ഡിവിഷൻ വിഭജിച്ച് ബഡ്ജറ്റ് ജോലികൾക്കുവേണ്ടി ഒരു ഡിവിഷനും മെയിൻറനൻസ് ആൻറ് അപ്കീപ്പിനുവേണ്ടി വേറൊരു ഡിവിഷനും ഉണ്ടാക്കുന്നത് ആവശ്യമാണെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി) ഇങ്ങനെ ഒരു പ്രത്യേക നിർദ്ദേശം പരിഗണനയിലില്ല.

റാന്നി ബി. ആൻറ് ആർ. സെക്ഷൻ വിഭജിക്കാൻ നിർദ്ദേശം

900 [1418] ശ്രീ. കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഇനങ്ങളിൽപ്പെട്ട 900 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകളുടെ പണികളും സംരക്ഷണവും നിർവ്വഹിക്കുവാൻ ഇന്ന് റാന്നിയിൽ ഉള്ള ഏക ബി. ആൻറ് ആർ. സെക്ഷൻ അപര്യാപ്തമാകയാൽ റാന്നി ബി. ആൻറ് ആർ. സെക്ഷൻ വിഭജിച്ച് ഒരു പുതിയ സെക്ഷൻ കൂടി തുടങ്ങണമെന്നുള്ള നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയും വേഗം നടപടി ത്വരിതപ്പെടുത്തി ഒരു പുതിയ സെക്ഷൻ ആരംഭിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ, ബി) ഇങ്ങനെ ഒരു പ്രത്യേക നിർദ്ദേശം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly